# കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ സി2/4248/2017/കോ.വി.വ. തീയതി 03.03.2018

---

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എറണാകുളം, ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ലക്ഷ്മണൻ കെ.വി. 28.02.2018 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പേരു പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ താഴെ പറയും പ്രകാരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ.നിഷാദ് വി.എച്ച്<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം | ഡെപ്യൂട്ടി ഡയറക്ടറേറ്റ്<br>എറണാകുളം<br>(ശ്രീ.കെ.വി.ലക്ഷ്മണൻ വിരമിച്ച ഒഴിവിൽ) |
| 2. | ശ്രീമതി.സജന പി.ടി.<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം | ഡെപ്യൂട്ടി ഡയറക്ടറേറ്റ്<br>കോട്ടയം<br>(ശ്രീ.നിഷാദ് വി.എച്ച്. ന് സ്ഥലം മാറ്റം നൽകിയതിനാലുണ്ടായ ഒഴിവ്) |

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് 28.05.2016 തീയതിയിലെ സി1/8771/2016/കോ.വി.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ മുൻഗണനാ പട്ടികയിലെ ക്രമനമ്പർ 40, ശ്രീ.ആന്റണി ജോസഫ് തോപ്പിലിനെ ചുവടെ പറയും പ്രകാരം 30,700-65,400/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ആന്റണി ജോസഫ് തോപ്പിൽ<br>ഗവ:കോളേജ്, കോട്ടയം | ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം<br>(ശ്രീമതി സജന പി.ടി.യ്ക്കു സ്ഥലം മാറ്റം നൽകിയതിലൂണ്ടായ ഒഴിവിൽ) |

2568980 GOVERNMENT OF KERALA

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി, നിയമനം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. പ്ലാൻ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ ജോലിചെയ്യുന്ന ജീവനക്കാരെ 31.03.2018 ന് ശേഷം വിടുതൽ ചെയ്താൽ മതിയാകും. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ www.collegiateedu.kerala.gov.in ൽ ലഭ്യമാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ എ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. സ്ഥാപന മേധാവികൾക്ക്
3. കരുതൽ ഫയൽ
4. നടപ്പ് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.

DJN.05.03.18

1568981 GOVERNMENT OF KERALA